I/55873/2024

<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം ,
e-mail Id : dirdhse.dge@kerala.gov.in
Phone No : 0471 2325868

**നം. എച്ച്.എസ്.ഇ/5034/2023- എഡി സി6 തീയതി : 25-03-2024**

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കന്ററി വിഭാഗം – ജീവനക്കാര്യം – ഹയർ സെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം 2023-24 ട്രാൻസ്ഫർ ലഭ്യമായ അധ്യാപകർക്ക് ശമ്പളം മാറി നൽകുന്നത് – സംബന്ധിച്ച്

സൂചന :-
1. 16/02/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. ഒ.എ 314/2024 ൽ ബഹു. കോരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21/02/2024 തീയതിയിലെ ഉത്തരവ്
3. 22/02/2024 തീയതിയിലെ ഇതേ നമ്പർ പരിപത്രം
4. 29/02/2024 തീയതിയിലെ ഇതേ നമ്പർ പരിപത്രം

സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ 2023-24 പൊതുസ്ഥലംമാറ്റ ഉത്തരവിലെ Home station & Others options – final other transfer list – final എന്നീ ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകരുടെ ട്രാൻസ്ഫർ നടപടികൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന (2) ഉത്തരവ് തീർപ്പാകുന്നതുവരെ നിർത്തിവച്ചിരിക്കുന്നതായി സൂചന (3) പ്രകാരം അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കുറച്ച് അധ്യാപകർ സ്കൂളിൽ നിന്നും വിടുതൽ ചെയ്ത് പുതിയ സ്കൂളിൽ ജോയിൻ ചെയ്യുകയും, കുറച്ച് അധ്യാപകർക്ക് വിടുതൽ നൽകുകയും എന്നാൽ കോടതി ഉത്തരവ് പാലിക്കേണ്ടതിനാൽ പുതിയ സ്കൂളിൽ ജോയിൻ ചെയ്യാൻ പറ്റാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. ഇത്തരത്തിലുള്ള അധ്യപകരുടെ 2024 ഫെബ്രുവരി മാസത്തിലെ ശമ്പളം മാറി നൽകുന്നതിനായി സൂചന (4) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. 2023-24 പൊതുസ്ഥലംമാറ്റ ഉത്തരവ് നിലവിൽ കോടതി സ്റ്റേ നിലനിൽക്കുന്ന സാഹചര്യമായതിനാൽ അധ്യാപകരുടെ 2024 മാർച്ച് മാസത്തിലെ ശമ്പളം മാറി നൽകുന്നതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

I/55873/2024

**എച്ച്.എസ്.എസ്.റ്റി**

1. വിടുതൽ ചെയ്ത് പുതിയ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാത്ത എച്ച്.എസ്.എസ്.റ്റി മാർക്കും, പുതിയ സ്കൂളിൽ ജോയിൻ ചെയ്ത എച്ച്.എസ്.എസ്.റ്റി മാർക്കും സ്പാർക്ക് ട്രാൻസ്ഫർ ചെയ്യാത്ത സാഹചര്യത്തിൽ പഴയ സ്കൂളുകളിൽ  നിന്നു തന്നെ ശമ്പളം മാറി നൽകാവുന്നതാണ്.

**എച്ച്.എസ്.എസ്.റ്റി (ജൂനിയർ)**

1. വിടുതൽ ചെയ്ത് പുതിയ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാത്ത എച്ച്.എസ്.എസ്.റ്റി ജൂനിയർമാർക്കും, പുതിയ സ്കൂളിൽ ജോയിൻ ചെയ്ത എച്ച്.എസ്.എസ്.റ്റി ജൂനിയർമാർക്കും സ്പാർക്ക് ട്രാൻസ്ഫർ ചെയ്യാത്ത സാഹചര്യത്തിൽ പഴയ സ്കൂളുകളിൽ  നിന്നു തന്നെ ശമ്പളം മാറി നൽകാവുന്നതാണ്.
2. എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപകരുടെ സ്പാർക്ക് പ്രിൻസിപ്പൽമാർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ (21/02/2024 വരെ) LPC  പ്രകാരം ശമ്പളം പുതിയ സ്കൂളിൽ നിന്നും മാറി നൽകാവുന്നതാണ്.

പൊതുസ്ഥലംമാറ്റം സംബന്ധിച്ച് കോടതി ഉത്തരവ് നിലനിൽക്കുന്ന സാഹചര്യം  കണക്കിലെടുത്ത് സാലറി മാറുന്നതിനു മാത്രമായിട്ടാണ് ഇപ്രകാരം സർക്കുലർ പുറപ്പെടുവിക്കുന്നത്.

Signed by
Santhosh Kumar R
Date: 25-03-2024 14:30:41

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**